>> പുസ്തകം

● കെ. സുഹൈറലി

### വിദ്യാഭ്യാസ ഭൂപടത്തിൽ

# മലബാർ കേരളത്തിന് അകത്തോ പുറത്തോ?




**മലബാറിനോടുള്ള** അവഗണനക്കെതിരെ എസ്.ഐ.ഒ നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടത്തിന്റെ ഭാഗമായി പുറത്തിറക്കിയതാണ് 'വിദ്യാഭ്യാസ ഭൂപടത്തിൽ മലബാർ കേരളത്തിന് അകത്തോ പുറത്തോ?' എന്ന പുസ്തകം. നീതിനിഷേധങ്ങൾക്കെതിരെയുള്ള വിചാരവും വികാരവും ശീർഷകത്തിൽ നിന്നു തന്നെ വ്യക്തമാണ്.

കേരളം സവിശേഷമായ ഭൂമിശാസ്ത്ര മേഖലയായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ഇന്ന് അത്തരം മേഖലകളായി തിരിക്കുന്നതിനോടുപോലും ചിലർക്ക് താൽപര്യമില്ല. ഒടുവിൽ അൽപം പ്ലസ്ടു സീറ്റനുവദിച്ചപ്പോൾ 'മലബാർ' എന്ന പേരുപയോഗിക്കുന്നതിന് പകരം തൃശൂരിന് വടക്കോട്ടുള്ള ജില്ലകളെന്നാണുപയോഗിച്ചത്.

ഗൾഫ് പണത്തിന്റെ തിളക്കമുള്ള മലബാറല്ല യഥാർഥ മലബാറെന്ന് ഇത്തരം സൂക്ഷ്മമായ പഠനങ്ങൾ വ്യക്തമാക്കുന്നു. ചരിത്രപരമായിതന്നെ നിലനിന്നു പോരുന്ന, എന്നാൽ സാക്ഷര കേരളം കേൾക്കാനിഷ്ടപ്പെടാത്ത വിവേചന ഭീകരതയാണിവിടെ നിലനിൽക്കുന്നത്.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു മേഖലകളായി കേരളത്തെ തിരിക്കുമ്പോൾ കേരളമെന്ന പൊതുവ്യവഹാരത്തിൽ സ്ഥാനമുള്ളത് തിരു-കൊച്ചിക്ക് മാത്രമാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഭരണകൂട സംവിധാനങ്ങൾ തൊട്ട് കരിപ്പൂർ എയർപോർട്ട് പ്രശ്നങ്ങൾ വരെയുള്ള ഒട്ടേറെ കാര്യങ്ങൾ ഈ ന്യായത്തെ ഉറപ്പിക്കുന്നതാണ്. ഇതിൽ ഏറ്റവും ശ്രദ്ധേയമായതാണ് വിദ്യാഭ്യാസ അവഗണന. ആളോഹരി വരുമാനം, പൊതു-സ്വകാര്യമേഖലകളിലെ തൊഴിൽ പങ്കാളിത്തം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ഇതിനു പുറമെയാണ്.

കഴിഞ്ഞ 50 വർഷത്തിനിടക്ക് അവഗണനക്ക് കാർമികത്വം വഹിച്ചവരുടെ ലിസ്റ്റും അവസാന പേജിലുണ്ട്. കൗതുകമുണർത്തുന്ന വസ്തുത, 34 വർഷം മലബാറിൽ നിന്നു തന്നെയുള്ള വിദ്യാഭ്യാസ മന്ത്രിമാരായിരുന്നു അവഗണനക്ക് കാർമികത്വം വഹിച്ചത് എന്നതാണ്. ഇതിൽ നല്ലൊരു ശതമാനവും സാമുദായിക രാഷ്ട്രീയ പാർട്ടിയുടെ മന്ത്രിമാരും!

പുസ്തകത്തിലെ ചില വിവരങ്ങൾ: മലപ്പുറം ജില്ലയിൽ 7.64 ലക്ഷത്തിലധികം വിദ്യാർഥികൾ പഠിക്കുന്നു. ഇവർക്കാകെ 545 സർക്കാർ സ്കൂളുകളാണുള്ളത്. തിരുവനന്തപുരത്ത് നാലര ലക്ഷത്തിൽ താഴെ വരുന്ന കുട്ടികൾക്ക് 516 സ്കൂളുകളുണ്ട്. ഉള്ള സ്കൂളുകളിൽ തന്നെ അടിസ്ഥാന സൗകര്യങ്ങൾ നന്നെ കുറവ്. മലബാറിൽ 240 സ്കൂളുകൾ വാടകക്കെട്ടിടത്തിലാണ്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ വാടകക്കെട്ടിടത്തിൽ ഒരു സ്കൂൾ പോലുമില്ല. 25-ൽ താഴെ മാത്രം കുട്ടികളുള്ള 465 അൺ ഇക്കണോമിക് പ്രൈമറി സ്കൂളുകളിൽ 114 എണ്ണം മാത്രമാണ് മലബാറിലുള്ളത്. സംസ്ഥാനത്തെ 119 അൺ ഇക്കണോമിക് ഹൈസ്കൂളുകളിൽ 111-ഉം തിരു-കൊച്ചിയിലാണ്. മലപ്പുറത്തും കോഴിക്കോട്ടും ഈ രീതിയിലുള്ള ഒരു ഹൈസ്കൂൾപോലുമില്ല. ഉള്ള സ്കൂളുകളിലെ അപര്യാപ്തത മറ്റൊരു പഠന വിഷയമാണ്. അഥവാ, തെക്ക് സ്ഥാപനങ്ങളധികമുണ്ടായിട്ടും കുട്ടികളെ കിട്ടാതെ വരുമ്പോൾ മലബാറിൽ സ്ഥിതി മറിച്ച്!

സ്കൂളുകളുടെ കാര്യത്തിൽ മാത്രമല്ല വിദ്യാഭ്യാസ ജില്ലകളുടെ വിഷയത്തിലും ഡി.ഇ.ഒ, എ.ഇ.ഒ എണ്ണത്തിലും അന്തരം കാണാം. സംസ്ഥാനത്തെ 38 വിദ്യാഭ്യാസ ജില്ലകളിൽ 13 എണ്ണം മാത്രമാണ് മലബാറിനാകമാനമുള്ളത്. 161 ഉപജില്ലകളിൽ 69 എണ്ണം മാത്രം. മണ്ണാർക്കാട് ഉപജില്ലയിൽ 126 സ്കൂളുകളുള്ളപ്പോൾ തെക്കുള്ള പല ഉപജില്ലകളിലും 30 സ്കൂളുകൾ പോലുമില്ല.

ലോകത്തെങ്ങാനും നീതിനിഷേധങ്ങൾക്കെതിരെ ഉയർന്നുവന്ന സംഘങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിപ്ലവ പോരാട്ടങ്ങളെ അനുസ്മരിച്ചാണ് സി. ദാവൂദ് അവതാരിക എഴുതിയിരിക്കുന്നത്. മേലാള താല്പര്യങ്ങൾക്ക് എപ്പോഴും വെല്ലുവിളിയായിട്ടുണ്ടായിരുന്ന ജനകീയ പോരാട്ടങ്ങൾകൊണ്ടു മാത്രമേ ഇത്തരത്തിലുള്ള 'വിവേചന ഭീകരത' യെ മറികടക്കാനാവൂ എന്ന് അവതാരകൻ ചൂണ്ടിക്കാട്ടുന്നു.

ചാർട്ടുകളിൽ ഒന്നുരണ്ടിടത്ത് സ്ഖലിതങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒന്നാം ചാർട്ടിൽ എറണാകുളത്തെ ഗവ. സ്കൂളുകൾ 359 എന്നാണ് ശരി. 12-ാം ചാർട്ടിലെ രണ്ട് സെഷനിൽ ഒന്ന് കോളേജുകളുടെ എണ്ണവും മറ്റേത് സീറ്റുകളുടെ എണ്ണവുമാണ്. ഓരോ ചാർട്ടിന് ചുവടെയും സോഴ്സ് ചേർത്തത് പുസ്തകത്തിന്റെ ആധികാരികത വർധിപ്പിക്കുന്നു. വിഷയവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ജമാഅത്ത് വെബ്സൈറ്റിലും (www.jihkerala.org) സൗകര്യമൊരുക്കിയിട്ടുണ്ട്.

*ഗ്രന്ഥകർത്താവ്: കെ. നജാത്തുല്ല, പ്രസാധനം: എസ്.ഐ.ഒ കേരളസോൺ. വില: 15രൂപ* ■